പഞ്ചായത്തുകൾ

132. ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന നിധിയുടെ ഏഴാം പദ്ധതിയിൽ പെടുത്തി 108 ഗ്രാമീണ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി 103 പഞ്ചായത്തുകൾക്ക് നബാർഡ് ധനസഹായം നൽകിയിട്ടുണ്ട്. ഇതിന്റെ പണികൾ വിവിധ ഘട്ടങ്ങളായി പുരോഗമിച്ചുവരുന്നു. ഈ മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതോടെ ഗ്രാമീണ മേഖലയിലും കാർഷിക മേഖലയിലും ഒരു പുത്തനുണർവ്വ് ഉണ്ടാവുന്നതാണ്. ഈ പദ്ധതിക്ക് വേണ്ടി 2005-06-ലേക്ക് 7.50 കോടി രൂപ ഉപയോഗിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

133. സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ ഇൻഫർമേഷൻ കേരള മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. പൈലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 5 പഞ്ചായത്തുകളിൽ ഈ വർഷത്തോടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കും.

134. പൊതുജനങ്ങൾക്കു മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് പഞ്ചായത്തു വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകേണ്ടത് അനിവാര്യമാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്ക് തൃശൂരിലെ 'കില'യിൽ പരിശീലനം നൽകിവരുന്നു. ഇതിലേക്കുള്ള പ്രത്യേക ധനസഹായമായി ഞാൻ 231 ലക്ഷം രൂപ വകയിരുത്തുന്നു.

നഗരകാര്യ വകുപ്പ്

135. തദ്ദേശ നഗരസ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് സർക്കാർ മുൻഗണന നൽകുന്നതാണ്. സംസ്ഥാനത്തെ 5 മുനിസിപ്പൽ കോർപ്പറേഷനുകളുടെയും അർഹരായ ഇതര മുനിസിപ്പാലിറ്റികളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജന നടപടികൾക്കും ഭരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെ 'കേരളാ സ്റ്റേറ്റ് അർബൻ ഡവലപ്പ്മെന്റ് പ്രോജക്ട്' എന്ന പേരിൽ ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനായി തുടക്കത്തിൽ 30 കോടി രൂപ ഞാൻ ബജറ്റിൽ നീക്കിവയ്ക്കുന്നു.

ലോക്കൽ ഫണ്ട് ആഡിറ്റ്

136. ലോക്കൽ ഫണ്ട് ആഡിറ്റിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ആഡിറ്റർമാർക്ക് ഈ മേഖലയിലെ വിദഗ്ദ്ധൻമാരുടെ സഹായത്തോടെ ആധുനിക സങ്കേതങ്ങളിൽ പരിശീലനം നൽകുന്നതാണ്.

ഭരണനവീകരണ പദ്ധതി

137. ഭരണ നവീകരണ പദ്ധതിയുടെ കീഴിൽ 2005-06-ൽ പ്രധാനമായും നടപ്പിലാക്കുന്നത് സേവനപ്രദാന പദ്ധതിയാണ്. പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് പാവപ്പെട്ടവർക്ക് ലഭിക്കുന്ന സർക്കാർ സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ ഭരണ നവീകരണ പദ്ധതിയുടെ കീഴിൽ ഒരു അതിവേഗ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയായാണ് സേവനപ്രദാന പദ്ധതിയെ പരിഗണിക്കുന്നത്. നീതിപൂർവ്വവും എല്ലാവർക്കും തുല്യ അവസരം ലഭിക്കുന്ന ഉയർന്ന നിലാവാരത്തിലുള്ളതുമായ സേവനം പൊതുജനങ്ങൾക്ക് നൽകുന്നതിന് സർക്കാർ മുന്തിയ പരിഗണന നൽകുന്നു. 2005-06-ൽ ഭരണ നവീകരണ പദ്ധതി നടപ്പിലാക്കുന്നതിനായി ഞാൻ 285 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 5 കോടി രൂപ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ സേവനപ്രദാന പദ്ധതിയുടെ മെച്ചപ്പെടുത്തലിനായി വിനിയോഗിക്കുന്നതാണ്.

പ്രവാസിക്ഷേമ വകുപ്പ് (നോർക്ക)

138. പ്രവാസി കേരളീയർക്ക് എല്ലാവിധ സൗകര്യങ്ങളും പ്രദാനം ചെയ്യുന്നതിന് തിരുവനന്തപുരത്ത് 400 ലക്ഷം രൂപ ചെലവിൽ "നോർക്ക സെന്റർ" സ്ഥാപിക്കുന്നതാണ്. സംസ്ഥാനം സന്ദർശിക്കുന്ന പ്രവാസി കേരളീയരുടെ ഔദ്യോഗികവും ബിസിനസ്സ് സംബന്ധവുമായ ആവശ്യങ്ങൾ ഈ കേന്ദ്രത്തിൽ നിർവ്വഹിക്കാവുന്നതാണ്.

139. വിദേശമലയാളികളെപ്പോലെ തന്നെ കേരളസർക്കാർ പ്രത്യേക പരിഗണന നൽകുന്ന ജനവിഭാഗങ്ങളാണ് മറുനാടൻ മലയാളികളും വിദേശത്തുനിന്ന് മടങ്ങിയെത്തിയവരും. ഈ വിഭാഗങ്ങളിൽ കൂടുതൽ ദുരിതമനുഭവിക്കുന്നവരുടെ ക്ഷേമം മുൻനിർത്തി അവരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായി നോർക്ക വകുപ്പിന്റെ കീഴിലുള്ള നോർക്കാ-റൂട്ട്സ് എന്ന സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ഈ ആരോഗ്യ പദ്ധതിയിൽ ആദ്യഘട്ടമെന്ന നിലയിൽ 25000 പേർ അംഗങ്ങളാകും. ഇതിനാവശ്യമായ ഒരു നിശ്ചിത തുക സർക്കാർ സബ്സിഡിയായി നൽകും.

തുറമുഖം

140. വിഴിഞ്ഞം ഡീപ്വാട്ടർ ഇന്റർനാഷണൽ കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന്റെ വികസനത്തിനായി സ്വകാര്യ സംരംഭകരുടെ ദർഘാസുകൾ ലഭിച്ചു തുടങ്ങിയിട്ടുണ്ട്. ബി.ഒ.ടി. വ്യവസ്ഥകൾ 2005-06-ൽ തന്നെ തീരുമാനിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയിൽ സർക്കാരിനുള്ള പ്രതിബദ്ധതയ്ക്കു നിദാനമായി പദ്ധതിയുടെ ഫലപ്രദവും സമയബന്ധിതവുമായ നടത്തിപ്പിലേക്ക് സ്പെഷ്യൽ പർപ്പസ് കമ്പനി രൂപീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

അച്ചടി

141. നിർദ്ദിഷ്ട പ്രിന്റ് വില്ലേജ് പദ്ധതിയുടെ നടത്തിപ്പിനുള്ള നോഡൽ ഏജൻസിയായി അച്ചടി വകുപ്പിനെ നിയോഗിക്കുന്നതാണ്. സംസ്ഥാനത്തിന്റെ അച്ചടി ആവശ്യങ്ങൾ നിറവേറ്റുന്നതിനും വിദേശ ഓർഡറുകൾ പോലും സ്വീകരിക്കുന്നതിനും പര്യാപ്തമാകുന്ന തരത്തിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും നൽകുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly